**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 905** **24-02-2022 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവർക്കും കൃഷി നശിക്കുന്നവർക്കും മതിയായ നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | 05.04.2018-ലെ സ.ഉ. (കൈ) 17/2018/വനം നമ്പർ ഉത്തരവ് പ്രകാരമാണ് വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്. വന്യജീവിയാക്രമണം മൂലം മരണപ്പെടുന്ന വ്യക്തികളുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യ മൃഗങ്ങളുടെ ആക്രമണം മൂലം പരിക്ക് ഏൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും, സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാ ചെലവ് മുഴുവനും ലഭ്യമാകും. വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08.01.2015-ലെ സി.ഉ.നം. (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. കൃഷിവകുപ്പിൻറെ ഇൻഷ്വറൻസ് സ്കീമിലും ഇൻഷ്വർ ചെയ്യുന്ന കർഷകന് വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാൻ അർഹതയുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിന് വേണ്ടി അപേക്ഷകൻ ഇ-ഡിസ്ട്രിക്ട് ഓൺലൈൻ പോർട്ടൽ മുഖാന്തിരം നിശ്ചിത കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (ബി) | വന്യജീവികളുടെ ആക്രമണം തടയാൻ ജൈവ വേലി വ്യാപകമാക്കുന്നതിനും വന്യജീവികൾക്ക് വനത്തിനുള്ളിൽ തന്നെ ആഹാര ലഭ്യത ഉറപ്പ് വരുത്തുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | വന്യജീവി ആക്രമണം തടയാൻ ജൈവ വേലി വ്യാപകമാക്കുന്നതിനും വന്യജീവികൾക്ക് വനത്തിനുള്ളിൽ തന്നെ ആഹാര ലഭ്യത ഉറപ്പുവരുത്തുന്നതും ഉൾപ്പെടുത്തിക്കൊണ്ട് വിശദമായ കർമ്മപദ്ധതി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ |

| | | | |
|---|---|---|---|
| | | | ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചു വരികയാണ്. അടുത്ത 5 വർഷത്തേയ്ക്ക് സംസ്ഥാനത്ത് വനാതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ 17.5 കി.മീ. നീളത്തിൽ ജൈവവേലികൾ നിർമ്മിക്കാൻ ഈ പദ്ധതിയിൽ ശിപാർശ ചെയ്തിട്ടുണ്ട്. വന്യജീവികളുടെ സ്വാഭാവിക ആവാസ മേഖലകളിൽ ജലവും തീറ്റയും ലഭ്യമാക്കുന്നതിൻറെ ഭാഗമായി പുതിയതായി 197 കുളങ്ങളുടെ നിർമ്മാണം, 723 കുളങ്ങളുടെ വൃത്തിയാക്കൽ, 1288 ഹെക്ടർ വയലുകളുടെ പരിപാലനം, 2284 ഹെക്ടർ അധിനിവേശ സസ്യങ്ങളുടെ നിർമ്മാർജ്ജനം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വന്യമൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ പ്ലാവ്, മാവ് മുതലായ തദ്ദേശീയ വൃക്ഷങ്ങൾ ഉൾവന ഭാഗങ്ങളിൽ വച്ചുപിടിപ്പിക്കുന്നത് കൃഷി ഇടങ്ങളിലേയ്ക്ക് കടന്നു കയറുന്ന ചില വന്യമൃഗങ്ങളെ തടയുവാൻ സഹായിക്കും എന്നതിനാൽ 5000 ഹെക്ടർ സ്ഥലത്ത് ഇത്തരം സംപുഷ്ടീകരണം നടത്തുവാനും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. |
| (സി) | വന്യജീവികളുടെ ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെടുന്ന ആദിവാസികൾ ഉൾപ്പെടെയുള്ളവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പെയ്മെൻറ് ഓഫ് കോമ്പൻസേഷൻ റ്റു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണപ്പെടുന്ന ആദിവാസികൾ ഉൾപ്പെടെയുള്ളവരുടെ ആശ്രിതർക്ക് 05.04.2018-ലെ സ.ഉ. (കൈ) 17/2018/വനം നമ്പർ ഉത്തരവ് പ്രകാരം നിലവിൽ നഷ്ടപരിഹാരം അനുവദിച്ച് വരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം വന്യജീവിയാക്രമണം മൂലം മരണപ്പെടുന്ന വ്യക്തികളുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യ മൃഗങ്ങളുടെ ആക്രമണം മൂലം പരിക്ക് ഏൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും, സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചുവരുന്നു. മേൽ നഷ്ടപരിഹാര തുക കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനായി ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തിരം ലഭിക്കുന്ന അപേക്ഷ ഡിവിഷൻ തലത്തിൽ എത്രയും വേഗം തീർപ്പാക്കി വരുന്നതാണ്. എന്നാൽ നഷ്ടപരിഹാരം സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | നൽകാൻ കഴിയാത്ത സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്. നഷ്ടപരിഹാര തുക താമസംവിനാ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ